(ബി) 2012-13 അദ്ധ്യയന വർഷം അന്ന് നിലവിലുണ്ടായിരുന്ന 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പദ്ധതി ആരംഭിച്ചു. 2013-14 അദ്ധ്യയന വർഷം 27 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും 2014-15 അദ്ധ്യയന വർഷത്തിൽ അവശേഷിക്കുന്ന എയ്ഡഡ് കോളേജുകളിലും പദ്ധതി ആരംഭിച്ചു. ഇതനുസരിച്ച് 2014-15 അദ്ധ്യയന വർഷം 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും 148 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും പദ്ധതി നിലവിലുണ്ട്.

(സി) വയനാട് ജില്ലയിലെ 6 കോളേജുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

1. ഗവൺമെന്റ് കോളേജ്, കൽപ്പറ്റ
2. ഗവൺമെന്റ് കോളേജ്, മാനന്തവാടി
3. സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി
4. പഴശ്ശിരാജ കോളേജ്, പുൽപ്പള്ളി
5. മേരിമാതാ ആർട്സ് & സയൻസ് കോളേജ്, മാനന്തവാടി
6. WMO ആർട്സ് & സയൻസ് കോളേജ്, മുട്ടിൽ

കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്

21 (1057) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കാമോ ;

(സി) പ്രസ്തുത ക്ലബ്ബുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽഅന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്നോപാർക്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. എല്ലാ വർഷവും സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കാനും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. 2013 ജനുവരി മുതൽ 1804 അപേക്ഷകൾ സ്റ്റാർട്ട് അപ് വില്ലേജിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ 136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഫ്ലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന അക്കാദമിക് കാര്യങ്ങളിലെ പ്രോട്ടോക്കോൾ സംബന്ധിച്ച്

22 (1058) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സഹായം കൈപ്പറ്റുന്ന സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന അക്കാദമിക് കാര്യങ്ങളിൽ പ്രോട്ടോക്കോൾ ബാധകമാണോയെന്ന് വ്യക്തമാക്കാമോ ;